**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4024** **21.10.2016 ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ വാഹനങ്ങളുടെ പരിശോധന</u>**

| | **<u>ചോദ്യം</u>**<br>**ശ്രീ.പി.ഉബൈദുള്ള** | | **<u>ഉത്തരം</u>**<br>**ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്ന സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവ് നടപ്പാക്കാൻ മോട്ടോർ വാഹനവകുപ്പ് ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) | സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട് എല്ലാ ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ-മാരും സ്കൂൾ സമയങ്ങളിൽ പ്രത്യേകം പരിശോധനാ സംഘങ്ങളെ നിയോഗിച്ച് പരിശോധനയും നിരീക്ഷണവും നടത്തുന്നതിലേയ്ക്കായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. അമിതമായി കുട്ടികളെ കുത്തി നിറച്ച് കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷാ മുതലായ ഇതര വാഹനങ്ങൾക്കെതിരെയും കർശന നടപടി എടുക്കുക.<br>2. ഇ.ഐ.ബി വാഹനങ്ങൾ (Educational Institution Bus) ഓടിക്കുന്ന ഡ്രൈവർമാർ നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉള്ളവരാണെന്ന് ഉറപ്പു വരുത്തുക<br>3. സ്വകാര്യ വാഹനങ്ങൾ ഇ.ഐ.ബി ആയി ഉപയോഗിക്കുന്നില്ലായെന്ന് സ്കൂൾ |

| | | | |
|---|---|---|---|
| | | | പരിസരത്തുതന്നെ പരിശോധന നടത്തി ഉറപ്പു വരുത്തുക.<br>4. ഇ.ഐ.ബി വാഹനങ്ങളിൽ Certificate of Fitness Test ന് ശേഷവും ആവശ്യമായ Device കളായ അഗ്നിശമന ഉപകരണം, സ്പീഡ് ഗവർണർ, എമർജൻസി എക്സിറ്റ് എന്നിവ നിലവിലുണ്ടോയെന്ന് ഉറപ്പുവരുത്തുക.<br>5. ഇ.ഐ.ബി വാഹനങ്ങളിൽ നിർബന്ധമായും ഡോർ അറ്റൻഡന്റ് ഉണ്ട് എന്ന് ഉറപ്പു വരുത്തുകയും ഇവർ കുട്ടികളെ റോഡ് മുറിച്ച് കടക്കുന്നതിന് സഹായിക്കണമെന്നും നിർദ്ദേശം നൽകുക.<br>6. ഇ.ഐ.ബി വാഹനങ്ങളുടെ പിറകിലും വശങ്ങളിലും സ്കൂളിലെ ഫോൺ നമ്പർ, ചൈൽഡ് ലൈൻ നമ്പർ (1098), വാഹനത്തിനുള്ളിൽ കുട്ടികളുടെ ലിസ്റ്റും അവരുടെ രക്ഷകർത്താക്കളുടെ ഫോൺ നമ്പർ അടങ്ങിയ ലിസ്റ്റും ഉണ്ടെന്ന് ഉറപ്പു വരുത്തുക.<br>7. സ്റ്റേജ് ക്യാരേജുകളിൽ സ്കൂൾ കുട്ടികളെ കയറ്റുന്നതിന് വിമുഖത കാണിക്കുന്ന സ്വകാര്യ ബസ്സ് ഉടമകൾ, ജീവനക്കാർ എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.<br>8. എല്ലാ സ്കൂളുകളിലും ഒരു അദ്ധ്യാപകനെ (കഴിയുന്നതുംഎസ്.പി.സി/എൻ.സി.സി/ എൻ.എസ്സ്.എസ്സ് ചുമതലയുള്ളവർ) ട്രാഫിക് നോഡൽ ഓഫീസർമാരായി നിയമിക്കേണ്ടതാണ്.<br>9. എല്ലാ ഓഫീസുകളുടേയും കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ നിരന്തരമായി നിരീക്ഷിക്കുന്നതിനും അപ്പപ്പോൾ |

| | | | |
|---|---|---|---|
| | | | പരിഹാരം നേടുന്നതിനും വിവിധ ഏജൻസികളുടെ (പോലീസ്, എഡ്യുക്കേഷൻ etc) സഹായം തേടുന്നതിനുമായി ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറേയോ നിയോഗിക്കേണ്ടതാണ്. ഈ ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ എല്ലാ സ്കൂൾ അധികാരികൾക്കും, ട്രാഫിക് നോഡൽ ഓഫീസർക്കും നൽകേണ്ടതാണ്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുമുണ്ട്. |
| (സി) | ഫിറ്റ്നസ്സില്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റി നിർബാധം സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ വാഹനപരിശോധന കർശനമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ഡി) | വാഹന പരിശോധന കർശനമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | വാടകയ്ക്കെടുത്ത് സ്കൂൾ സർവ്വീസ് നടത്തുന്ന വാഹനങ്ങളിലും നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ? | (ഇ) | ഇത്തരം വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുവാൻ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ